

# വികാരിയിൽ നിന്ന് ...

28-09-2018

## ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ വാത്സല്യം ഉള്ളവരെ,

അവധിക്കാലം കഴിഞ്ഞ് ഏറെപ്പേരും ഇവിടെ തിരിച്ചെത്തിയല്ലോ. ഇനിയും കുറച്ച് പേർകൂടി തിരിച്ചെത്താൻ ഉണ്ട്. മഹാജലപ്രളയത്തിൻെറ ഞെട്ടലും, നൊമ്പരവും അനേകരെ മാനസ്സികമായും, സാമ്പത്തികമായും, വൈകാരികമായും, ശാരീരികമായും, തളർത്തി ഉണങ്ങാത്ത മുറിവായി അങ്ങനെ അത് ആ നിലയിൽത്തന്നെ ഇന്നും തുടരുകയാണ്. അവർ അതിജീവനത്തിൻെറ പാതയിൽ ഇനിയും മുന്നേറി പഴയ നിലയിൽ എത്തിച്ചേരേണ്ടിയിരിക്കുന്നു. അതിനു ഇനിയും ഏറെ അദ്ധ്വാനവും, പണവും, വിഭവങ്ങളും, പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. നാം ദൈവത്തോടൊന്നിച്ച് പ്രതിസന്ധികളിൽ തളരാതെ മുന്നേറിയാൽ അതിജീവനം വേഗത്തിൽ സാദ്ധ്യമാകും. സാമ്പത്തിക ബാദ്ധ്യതയും, ജോലിയുടെ അസ്ഥിരതയും കാരണം നാട്ടിൽ പോകാൻ ആഗ്രഹം ഉണ്ടെങ്കിലും അതിനു സാദ്ധ്യതയില്ലാതെ വേദനപ്പെടുന്നവരും നമ്മുടെ ഇടയിൽ തന്നെ ഉണ്ട്. ബഹ്റിനിൽ ജോലി നഷ്ടപ്പെടുന്നവരും, ശമ്പളം ഏറെ നാളായി ലഭിക്കാത്തവരും താങ്ങാനാവത്തവിധം ജീവിതച്ചിലവുകൾ വർദ്ധിച്ചതിനാൽ വീർപ്പു മുട്ടിക്കഴിയുന്നവരും കുറവല്ല. ആകെക്കൂടെ ഒരു സങ്കീർണതയും അസ്വസ്ഥതയും എല്ലാ മേഖലകളിലും ദൃശ്യമായിരിക്കുന്നു. ഈ പ്രതിസന്ധികളുടെ മദ്ധ്യത്തിൽ ദൈവത്തിൽ ആശ്രയം വെച്ച് നമുക്ക് ജീവിതയാത്ര തുടരാം. അബ്രഹാം തൻെറ മകനായ യിസ്ഹാക്കിനോട് പറഞ്ഞത് "യഹോവ യിരേ" – ദൈവം കരുതിക്കൊള്ളും എന്നാണല്ലോ. ആ വിശ്വാസം നമുക്കും ഉണ്ടാകണം. വി.ബി.എസ്സ് എല്ലാം അനുഗ്രഹകരമായി പൂർത്തീകരിപ്പാൻ ദൈവം ഇടയാക്കി. ഇതിൻെറ പിന്നിൽ അദ്ധ്വാനിച്ച ഏവരോടും ഡയറക്ടർ ശ്രീ. അനിൽ.എം.ജോൺ (തുരുത്തിക്കാട്) നോടുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ഒക്ടോബർ മാസം നമ്മുടെ ഇടവകയെ സംബന്ധിച്ച് ഏറെ പ്രാധാന്യം ഉള്ള ദിനങ്ങളാണ്.. ഒക്ടോബർ 5 വെള്ളിയാഴ്ച്ച സന്നദ്ധ സുവിശേഷകസംഘദിനമായി വേർതിരിച്ചിരിക്കുന്നു. "സുവിശേഷത്തിൻെറ പങ്കാളികളാകുക" എന്നതാണ് ധ്യാനവിഷയം. ഓരോ മാർത്തോമ്മാക്കാരനും താനായിരിക്കുന്ന സ്ഥാനത്ത് സുവിശേഷകനായി ജീവിക്കുകയും, പ്രവർത്തിക്കുകയും ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു. ആരും നിർബന്ധിച്ചിട്ടല്ല, ഹൃദയത്തിൽ നിന്നും, ഉള്ളിൽ നിന്നും ഉള്ള നിർബന്ധം ആവണം ഈ ദൗത്യ നിർവഹണം. നാം രുചിച്ചറിഞ്ഞ കർത്താവിനെ മറ്റുള്ളവർക്ക് പങ്ക് വെച്ച് ഉത്ഘോഷിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഭൂലോകത്തിൻെറ അറ്റത്തോളം പോയി സകല ജാതികളോടും ഈ ജീവൻെറ വചനം പ്രഘോഷിക്കുകയും, വചനത്തിൽ വേരൂന്നി നിലനിന്ന് ഫലം കായ്ക്കുകയും ചെയ്യുവാൻ നമുക്ക് കഴിയണം.

ഒക്ടോബർ 12, "വ്യത്യസ്ത കഴിവുള്ളവരെ അംഗീകരിക്കുക" എന്നുള്ള സഭയുടെ ചിന്താവിഷയം ആണ് ധ്യാനിക്കുന്നത്. ആരേയും വികലാംഗരായും, കഴിവില്ലാത്തവരായും തള്ളിക്കളയുകയും, പുച്ഛിക്കുകയും, അവഗണിക്കുകയും, പരിഹസിക്കുകയും ചെയ്യരുത്. അവർ വ്യത്യസ്ത കഴിവുള്ളവരും, ദൈവസൃഷ്ടിയും ആണ്. എന്നാൽ അവർക്ക് പ്രത്യേക പരിലാളനയും, ശ്രദ്ധയും, കരുതലും, സ്നേഹവും, വാത്സല്യവും ആവശ്യമാണ്. ദൈവസൃഷ്ടിയുടെ വ്യത്യസ്തതകളെ തിരിച്ചറിഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുവാനും, അവരെ മാനിക്കാനും നമുക്ക് കഴിയണം.

ഒക്ടോബർ മൂന്നാം ആഴ്ച "യുവത്വം അർത്ഥവത്തായ ജീവിതത്തിന്റെ അന്വേഷണം" എന്ന വിഷയം ആണ് ചിന്തിക്കുന്നത്. യൗവ്വനം അനന്തസാധ്യതയുടെ കാലഘട്ടവും എന്നാൽ സൂക്ഷ്മതയോടെ ജീവിക്കേണ്ട അവസ്ഥയും കൂടിയാണ്. വിശുദ്ധ പൗലോസ് തിമോഥെയോസിനോടു പറയുന്നു, യൗവ്വനമോഹങ്ങളെ വിട്ട് ഓടി വാക്കിലും, നടപ്പിലും, പ്രവർത്തിയിലും, നിർമ്മലതയിലും ഏവർക്കും മാതൃകയായിരിക്കുകയും, ലഭിച്ച കൃപാവരങ്ങളെ ജ്വലിപ്പിച്ച്, വിശ്വാസത്തിൽ പക്വത പ്രാപിച്ച് സൽഗുണപൂർത്തിയുള്ളവരായി ആത്മീക വളർച്ച പ്രാപിക്കുകയും ചെയ്യുന്നവരാകണം എന്നുള്ളതാണ്.

തുടർന്ന് നാലാം ആഴ്ച "കുടുംബപ്രതിഷ്ഠാ വാരമായി" ആചരിക്കുകയാണ്. "കുടുംബം ദൈവീക പദ്ധതി" എന്നതാണ് ധ്യാനവിഷയം. അതിനോടനുബന്ധിച്ച് ഇടവക കൺവൻഷൻ ഒക്ടോബർ 23, 24, 25 തീയതികളിലും 26 നു കുടുംബ പ്രതിഷ്ഠാ ദിനമായും, ഇടവക ദിനമായും ആചരിക്കുവാനും ആഗ്രഹിക്കുന്നു.

ഒക്ടോബർ മാസം നടക്കുന്ന പരിപാടികൾക്ക് നേതൃത്വം നൽകുന്നത് അഭി. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് (ഡൽഹി ഭദ്രാസനം) എപ്പിസ്കോപ്പാ ആണ്. പ്രാർത്ഥനയോടെ ഏവരും പ്രസ്തുത പരിപാടികളിൽ സംബന്ധിക്കണം.

ഇടവകയുടെ സാമ്പത്തിക നില ഒട്ടും തൃപ്തികരമല്ലാതെ തുടരുകയാണ്. വരുമാനമുള്ള എല്ലാവരും ഓരോ മാസവും കുറഞ്ഞത് 5 ദിനാർ എങ്കിലും സബ്സ്ക്രിപ്ഷനായി നൽകിയാൽ മാത്രമെ ഇടവകയുടെ കാര്യങ്ങൾ, അഥവാ ഇടവക സന്ധാരണം സാദ്ധ്യമായി തീരുകയുള്ളു. ഇടവകയുടെ ആവശ്യങ്ങളിൽ ഹൃദയപൂർവ്വം നൽകി പങ്കാളികളാവണം. ഇടവക കടബാദ്ധ്യതയിൽ ആയിരിക്കുന്നത് നമുക്ക് ഓരോരുത്തർക്കും നന്നല്ല. എല്ലാവരും കുടുംബ പ്രതിഷ്ഠാദിനത്തിൽ സ്തോത്രകാഴ്ച കഴിവിനനുസരിച്ച് നൽകി കവറിൽ സമർപ്പിക്കുവാൻ ശ്രമിക്കണമെ. എല്ലാം ദൈവം തന്നതാണ്. ദൈവം നമ്മെ കൈവിടുകയും ഉപേക്ഷിക്കുകയും ഇല്ല. നാം ദൈവത്തിന്റെ മക്കളും, അവകാശികളും ആകുന്നു. ദൈവത്തിന്റെ തോട്ടത്തിലെ നല്ല ശുശ്രൂഷക്കാരായി ദൈവരാജ്യ നിർമ്മിതിയിൽ നമുക്കും പങ്ക് ചേരാം. അതിനു ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

എന്ന്, നിങ്ങളുടെ ഇടവക വികാരി.



**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com